പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം
നം. 5669

02.07.2019-ൽ മറുപടിയ്ക്ക്

## മത ചിഹ്നങ്ങളെ അവഹേളിച്ച കാർട്ടൂണിന് അവാർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അനിൽ അക്കര | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| എ) ലോകമെമ്പാടുമുള്ള ക്രൈസ്തവ മത വിശ്വാസികൾ ആദരവോടെ കാണുന്ന മതചിഹ്നങ്ങളെ അവഹേളിക്കുന്ന തരത്തിൽ വരച്ച കെ.കെ. സുഭാഷിന്റെ വിശ്വാസം രക്ഷതി എന്ന കാർട്ടൂണിനെ ഈ വർഷത്തെ ലളിതകലാ അക്കാദമി പുരസ്കാരം നൽകുന്നതിനായി തെരഞ്ഞെടുത്ത നടപടി സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കുമോ; | എ) ഈ വർഷത്തെ ലളിതകലാ അക്കാദമിയുടെ കാർട്ടൂൺ പുരസ്കാരം ലഭിച്ച കെ.കെ. സുഭാഷിന്റെ വിശ്വാസം രക്ഷതി എന്ന കാർട്ടൂണിനെ സംബന്ധിച്ച് ചില വിമർശനങ്ങൾ ഉയർന്നു വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു പ്രത്യേക മത പ്രതീകങ്ങളെ അവഹേളിക്കുന്ന രീതിയിലും പ്രകോപനപരവുമായാണ് പ്രസ്തുത കാർട്ടൂണിൽ ചിത്രീകരിച്ചിട്ടുള്ളത് എന്നതാണ് ആക്ഷേപത്തിന്റെ കാതലായ ഭാഗം.<br>ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലുമായി ബന്ധപ്പെട്ട വിഷയമാണ് കാർട്ടൂണിന്റെ പ്രമേയം. അത്തരത്തിൽ ഒരു പ്രമേയത്തെ അധികരിച്ച് ഒരു രചന നിർവ്വഹിക്കുന്നതിനുള്ള ആവിഷ്കാര സ്വാതന്ത്ര്യത്തിൽ സർക്കാർ ഇടപെടുന്നില്ല. പക്ഷേ, ക്രിസ്തീയ മതാചാര പ്രകാരമുള്ള ചില മതചിഹ്നങ്ങളെ അധിക്ഷേപകരമായി ചിത്രീകരിക്കുന്ന ചില ഭാഗങ്ങൾ കൂടി പ്രസ്തുത കാർട്ടൂണിൽ ഉള്ളതായി കാണുന്നുണ്ട്. ഇതിനോട് സർക്കാർ യോജിക്കുന്നില്ല. വ്യത്യസ്ത മത വിഭാഗങ്ങളിൽ വിശ്വസിക്കുന്നവർ ഒത്തൊരുമയോട് കൂടി സമാധാനപരമായി ജീവിച്ചു പോരുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. ഒരു മതത്തിന്റെയും വിശ്വാസങ്ങളെയും ഹനിക്കുകയോ അപകീർത്തിപ്പെടുത്തുകയോ ചെയ്യുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. അത്തരം നീക്കങ്ങൾ ഏത് ഭാഗത്ത് നിന്നുണ്ടായാലും അതിനോട് സർക്കാർ യോജിക്കുന്നില്ല. |
| ബി) പൊതു സമൂഹത്തിന്റെ ഉയർന്നു വന്ന | ബി) ഉണ്ട്, പകർപ്പ് അനുബന്ധം I & II ചേർക്കുന്നു. |

| | |
|---|---|
| പ്രതിഷേധം കണക്കിലെടുത്ത് അവാർഡ് നിർണ്ണയം പുനഃപരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ | |
| സി) സർക്കാരിന്റെ തീരുമാനത്തോട് ലളിതകലാ അക്കാദമി യോജിക്കാത്ത നിലപാടാണ് കൈക്കൊള്ളുന്നതെങ്കിൽ ആയതിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | സി) സർക്കാർ തീരുമാനത്തോട് യോജിക്കാത്ത നിലപാട് ലളിതകലാ അക്കാദമിയ്ക്ക് ഉള്ളതായി അറിയിച്ചിട്ടില്ല. |
| ഡി) പ്രസ്തുത അവാർഡിനെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ? | ഡി) 45 പരാതികൾ കേരള ലളിതകലാ അക്കാദമിയിൽ ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

3580914/2019/OS-CLAD

അനുബന്ധം - I


**എ. കെ. ബാലൻ**

പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും

നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

കേരള സർക്കാർ


14.06.2019

**<u>കുറിപ്പ്</u>** തിയതി.............................

ഈ വർഷത്തെ ലളിതകലാ അക്കാദമിയുടെ കാർട്ടൂൺ പുരസ്കാരം ലഭിച്ച കെ കെ സുഭാഷിന്റെ വിശ്വാസം രക്ഷതി എന്ന കാർട്ടൂണിനെ സംബന്ധിച്ച് ചില വിമർശനങ്ങൾ ഉയർന്നുവന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു. പ്രതിപക്ഷ നേതാവ് 14.06.2019 ന് നിയമസഭയിൽ ഇതുമായി ബന്ധപ്പെട്ട് ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. ഒരു പ്രത്യേക മത പ്രതീകങ്ങളെ അവഹേളിക്കുന്ന രീതിയിലും പ്രകോപനപരവുമായാണ് പ്രസ്തുത കാർട്ടൂണിൽ ചിത്രീകരിച്ചിട്ടുള്ളത് എന്നതാണ് ആക്ഷേപത്തിന്റെ കാതലായ ഭാഗം.

ഇതേ രീതിയിൽ പ്രസ്തുത കാർട്ടൂണിനെ സംബന്ധിച്ച് ബിഷപ് സൂസേ പാക്യവും, കെസിബിസിയുടെ വക്താവും ആക്ഷേപം ഉന്നയിച്ചിരുന്നു. ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉയർന്നുവന്നതിനെ തുടർന്ന് സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി.

ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലുമായി ബന്ധപ്പെട്ട വിഷയമാണ് കാർട്ടൂണിന്റെ പ്രമേയം. അത്തരത്തിൽ ഒരു പ്രമേയത്തെ അധികരിച്ച് ഒരു രചന നിർവ്വഹിക്കുന്നതിനുള്ള ആവിഷ്കാര സ്വാതന്ത്ര്യത്തിൽ സർക്കാർ ഇടപെടുന്നില്ല. പക്ഷെ, ക്രിസ്തീയ മതാചാര പ്രകാരമുള്ള ചില മതചിഹ്നങ്ങളെ അധിക്ഷേപകരമായി ചിത്രീകരിക്കുന്ന ചില ഭാഗങ്ങൾ കൂടി പ്രസ്തുത കാർട്ടൂണിൽ ഉള്ളതായി കാണുന്നുണ്ട്. ഇതിനോട് സർക്കാർ യോജിക്കുന്നില്ല. വ്യത്യസ്ത മത വിഭാഗങ്ങളിൽ വിശ്വസിക്കുന്നവർ ഐക്യത്തോടെ സമാധാനപരമായി ജീവിച്ചുപോരുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. ഒരു മതത്തിന്റെയും വിശ്വാസങ്ങളെയും ഹനിക്കുകയോ അപകീർത്തിപ്പെടുത്തുകയോ ചെയ്യുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. അത്തരം നീക്കങ്ങൾ ഏത് ഭാഗത്ത് നിന്നുണ്ടായാലും അതിന് സർക്കാർ യോജിക്കുന്നുമില്ല.

കഴിഞ്ഞ വർഷത്തെ കാർട്ടൂൺ പുരസ്കാരം നൽകിയത് ശ്രീ. ഗോപീകൃഷ്ണന്റെ കടക്കുപുറത്ത് എന്ന കാർട്ടൂണിനാണ്. പ്രസ്തുത കാർട്ടൂണിൽ മുഖ്യമന്ത്രിയെയും സിപിഐ എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനെയും കുമ്മനം രാജശേഖരനെയുമെല്ലാം അവഹേളിക്കുന്ന രീതിയിൽ ആണെന്ന് വ്യാഖ്യാനിക്കാവുന്നതാണ്. പക്ഷെ, ആവിഷ്കാര സ്വാതന്ത്ര്യത്തെ മാനിക്കുന്ന ഒരു സർക്കാർ എന്ന നിലയിൽ ഏറ്റവും മാതൃകാപരമായാണ് മുഖ്യമന്ത്രി ഇക്കാര്യത്തെ കണ്ടത്. വിജെടി ഹാളിൽ വെച്ച് നടന്ന ചടങ്ങിൽ മുഖ്യമന്ത്രി തന്നെ ശ്രീ. ഗോപീകൃഷ്ണന് അവാർഡ് ദാനം നിർവ്വഹിക്കുകയുണ്ടായി.


റൂം നമ്പർ 118, ഒന്നാം നില, നോർത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001

ഫോൺ-ഓഫീസ് : 0471-2333849, 2333772 ഫാക്സ് : 2332239 മൊബൈൽ : 9447962200

വസതി : പമ്പ, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട് ഫോൺ : 0471-2310669, 0471-2310664

ഇ-മെയിൽ : ministerakbalan@gmail.com, min.law@kerala.gov.in

ഫേസ്ബുക്ക് : http://www.facebook.com/AK.Balan.official/

ഈ വർഷത്തെ കാർട്ടൂൺ ഓണറബിൾ മെൻഷൻ ലഭിച്ച കാർട്ടൂണിസ്റ്റ് ഉണ്ണി
കൃഷ്ണന്റെ പുലിപ്പാൽ എന്ന കാർട്ടൂണിൽ മുഖ്യമന്ത്രിയെയും പ്രതിപക്ഷ നേതാവി
നെയും എല്ലാം ചിത്രീകരിച്ചിട്ടുണ്ട്. അതെല്ലാം രാഷ്ട്രീയ സഹിഷ്ണുത പാലിച്ചു
കൊണ്ടും ആവിഷ്കാര സ്വാതന്ത്ര്യം മാനിച്ചുകൊണ്ടും സ്വീകരിക്കുകയാണ് ഉണ്ടായ
ത്. പക്ഷെ, ഫ്രാങ്കോ മുളയ്ക്കലിന് എതിരായ കാർട്ടൂണിലെ പ്രമേയത്തെ അംഗീകരി
ക്കുമ്പോഴും അതിൽ മതചിഹ്നങ്ങളെ വലിച്ചിഴച്ച് അപകീർത്തികരമായി ചിത്രീകരി
ച്ചത് സർക്കാർ അംഗീകരിക്കുന്നില്ല.

പ്രസ്തുത ആക്ഷേപങ്ങളുടെ ഉള്ളടക്കം പരിഗണിച്ച് ലളിതകലാ അക്കാദമി
പ്രസ്തുത കാർട്ടൂൺ പുരസ്കാരം പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാ
ണെന്ന് അറിയിക്കുന്നു.

എ.കെ. ബാലൻ

To,

ശ്രീ. പൊന്ന്യം ചന്ദ്രൻ
സെക്രട്ടറി
കേരള ലളിതകലാ അക്കാദമി

അനുബന്ധം - II

'ഭരണഭാഷ മാതൃഭാഷ'

**കേരള സർക്കാർ**

നമ്പർ.എ.1/136/2019-സാം.കാ.വ.

സാംസ്കാരിക കാര്യ (എ)വകുപ്പ്
തിരുവനന്തപുരം
തീയതി : 22/06/2019

പ്രേഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

സെക്രട്ടറി,
കേരള ലളിതകലാ അക്കാദമി,
തൃശ്ശൂർ.

സർ,

വിഷയം : സാംസ്കാരിക-കാര്യ വകുപ്പ് - കാർട്ടൂൺ അവാർഡ് വിവാദം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി നിർവ്വാഹക സമിതി ജനറൽ കൗൺസിൽ യോഗം ചേരുന്നത് - സംബന്ധിച്ച്.

സൂചന: 14/06/2019-ലെ താങ്കളുടെ കെ.എൽ.കെ.സി.എ/2022/2016 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ വർഷത്തെ ലളിതകലാ അക്കാദമിയുടെ കാർട്ടൂൺ പുരസ്കാരം ലഭിച്ച കെ. കെ. സുഭാഷിന്റെ വിശ്വാസം രക്ഷതി എന്ന കാർട്ടൂണിനെ സംബന്ധിച്ച് ചില വിമർശനങ്ങൾ ഉയർന്നു വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ സാംസ്കാരിക വകുപ്പ് പ്രതിനിധി കൂടി പങ്കെടുക്കുന്ന യോഗത്തിൽ സർക്കാർ നൽകിയ നിർദ്ദേശം ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണ്.

വിശ്വസ്തതയോടെ
ഗീത. കെ
അഡീഷണൽ സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.